പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 482 　　　　25.10.2016 -ൽ മറുപടിയ്ക്ക്

## കെ.റ്റി.ഡി.സി.യുടെ പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. എം. നൗഷാദ് : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കെ.റ്റി.ഡി.സി.യുടെ നിലവിലെ പദ്ധതികളും പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും ഏതൊക്കെയെന്ന് അറിയിക്കുമോ; നിലവിലുള്ളവയിൽ ഏതൊക്കെ ലാഭകരമായി പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ; | എ) | നിലവിൽ കാസർഗോഡ് ബേക്കൽ ബീച്ച് ക്യാമ്പ് എന്ന റിസോർട്ടിൽ നിർമ്മിക്കാൻ ഉദ്ദേശിച്ച 30 കോട്ടേജുകളിൽ 6 എണ്ണം ഗവ. അംഗീകൃത സ്ഥാപനമായ കിറ്റ്കോ മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 24 എണ്ണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി മുഴപ്പിലങ്ങാട്, കോഴിക്കോട് എന്നിവിടങ്ങളിൽ 3 സ്റ്റാർ നിലവാരത്തിലുള്ള ഹോട്ടലുകൾ, മൂന്നാറിൽ 5 സ്റ്റാർ പദവിയിലുള്ള ഒരു മുന്തിയ ഹോട്ടൽ, പൊന്മുടിയിൽ 15 പുതിയ കോട്ടേജുകൾ എന്നിവ പണിയാൻ ഉദ്ദേശിക്കുന്നു.<br>നിലവിൽ പ്രീമിയം സെഗ്മെന്റിൽ ലേക്ക് പാലസ്, ബോൾഗാട്ടി പാലസ്, ടീ കൗണ്ടി എന്നിവയും മോട്ടൽ ആരാമുകളിൽ പുനലൂർ, കായംകുളം, കണ്ണൂർ, വടകര, കുറ്റിപ്പുറം, എരിമയൂർ എന്നിവയും ടാമറിന്റ് ഹോട്ടലുകളിൽ കൊല്ലം, തൃശ്ശൂർ, ചങ്ങനാശ്ശേരി, ഗുരുവായൂർ, മണ്ണാർക്കാട്, നിലമ്പൂർ എന്നിവയും ബിയർ പാർലറുകളിൽ പൊൻകുന്നം ഒഴികെയുള്ള 19 എണ്ണം എന്നിവയും ലാഭത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ റസ്റ്റോറന്റ് മ്യൂസിയം, തേക്കടിയിലെ ബോട്ടിംഗ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയും ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. |

| | | | |
|---|---|---|---|
| ബി) | മോട്ടലുകളുടെയും ടാമറിന്റ് ഹോട്ടലുകളുടെയും പ്രവർത്തനം തൃപ്തികരമാണോ; അല്ലെങ്കിൽ ഇവ നവീകരിക്കാൻ പദ്ധതിയുണ്ടോ; | ബി) | ടാമറിന്റ് ഹോട്ടലുകൾക്കും മോട്ടലുകൾക്കും മാർക്കറ്റിൽ ഡിമാന്റുണ്ട്. ഇവ തൃപ്തികരമായാണ് പ്രവർത്തിച്ചുവരുന്നത്. മോട്ടലുകളും ടാമറിന്റ് ഹോട്ടലുകളും നവീകരിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. |
| സി) | ബേക്കൽ ബീച്ച് ക്യാമ്പിന്റെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ നിർമ്മാണത്തിൽ വൻക്രമക്കേടുണ്ടെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | സി) | നിലവിൽ കാസർഗോഡ് ബേക്കൽ ബീച്ച് ക്യാമ്പ് എന്ന റിസോർട്ടിൽ നിർമ്മിക്കാൻ ഉദ്ദേശിച്ച 30 കോട്ടേജുകളിൽ ഗവ. അംഗീകൃതമായ കിറ്റ്കോ എന്ന സ്ഥാപനം മുഖേന 6 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 24 എണ്ണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് അപാകതകളുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ പദ്ധതി സംബന്ധിച്ച് കിറ്റ്കോയുമായുള്ള കരാർ റദ്ദാക്കുകയും കിറ്റ്കോയ്ക്ക് അവരുടെ ബിൽ പ്രകാരം കൊടുക്കാനുള്ള ഏകദേശം 30 ലക്ഷം രൂപ തടഞ്ഞു വയ്ക്കുകയും കിറ്റ്കോയോട് മേൽപ്പറഞ്ഞ അറ്റകുറ്റപണികൾ നടത്തി പ്രവർത്തനയോഗ്യമാക്കി തരണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ കിറ്റ്കോയുടെ ഭാഗത്തുനിന്നും അനുകൂലമായ പ്രതികരണം കിട്ടാത്തതു കാരണം കെ.റ്റി.ഡി.സിയുടെ എൻജിനീയറിംഗ് വിഭാഗം മേൽപ്പറഞ്ഞ കോട്ടേജുകളുടെ അറ്റകുറ്റപ്പണികൾ കിറ്റ്കോയുടെ ചെലവിൽ പരിഹരിക്കുകയുണ്ടായി. ബേക്കൽ ബീച്ച് ക്യാമ്പിന്റെ നിർമ്മാണത്തിൽ ആരോപിക്കപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതാണ്. |
| ഡി) | തേക്കടിയിൽ കെ. റ്റി. ഡി. സി. യും ഒബ്റോയ് ഗ്രൂപ്പും ചേർന്നുള്ള ഒബ്റോയ് കേരള ഹോട്ടൽ പദ്ധതി ഉപേക്ഷിച്ചോ; ഇതിനായി സ്ഥലം വാങ്ങിയത് സംയുക്തമായി ആയിരുന്നോ; ഈ സ്ഥലം വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ | ഡി) | 5.11.1993-ൽ ഒബ്റോയ് ഗ്രൂപ്പിനു കീഴിലുള്ള ഈസ്റ്റ് ഇന്ത്യാ ഹോട്ടൽസ് ലിമിറ്റഡ് കമ്പനിയും (EIHL എന്നറിയപ്പെട്ടിരുന്നു) കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനും (കെ.റ്റി.ഡി.സി) ചേർന്ന് ആരംഭിച്ച സംയുക്ത കമ്പനിയാണ് ഒബ്റോയ് കേരള ഹോട്ടൽസ് ആന്റ് |

(..3)

| | | | |
|---|---|---|---|
| | സ്ഥല വില വീതിക്കുന്നത് ഏത് അടിസ്ഥാനത്തിലായിരിക്കുമെന്നു വ്യക്തമാക്കാമോ? | | റിസോർട്ട്സ് ലിമിറ്റഡ്. എന്നാൽ 9.12.1998-ൽ ടി ഉടമ്പടിയിൽ ഭേദഗതി വരുത്തുകയും കെ.റ്റി.ഡി.സിയുടെ സ്ഥാനം ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡിന് (റ്റി.ആർ.കെ.എൽ) (പുനർ നാമകരണത്തിനു ശേഷം KTIL) നൽകുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാത്തതിനാൽ ഹോട്ടൽ സ്ഥാപിക്കുന്നതിനായി തേക്കടിയിൽ വാങ്ങിയിട്ടുള്ള ഏകദേശം 10 ഏക്കറോളം സ്ഥലം വിൽക്കുവാൻ സംയുക്ത സംരംഭത്തിന്റെ ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും പ്രസ്തുത സംരംഭത്തിലെ അവരവരുടെ മൂലധന നിക്ഷേപത്തിന്റെ അനുപാതത്തിൽ സ്ഥലവില വീതിക്കുന്നതിനായുള്ള പ്രൊപ്പോസൽ റ്റി.ആർ.കെ.എൽ സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചുവെങ്കിലും ആയതിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ